

# ഇൻഡ്യാ സഖ്യത്തിന് ക്ളെച്ച് പിടിക്കുന്നു

ന്യൂഡൽഹി ലേഖകൻ

പ്രധാനമന്ത്രി നരേന്ദ്ര മോഡിയുടെ വ്യക്തി പ്രഭാവം ഇടിഞ്ഞോ? പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി നഷ്ടപ്രതാപം വീണ്ടെടുത്തോ? രണ്ട് ചോദ്യത്തിനും ഉത്തരം കിട്ടണമെങ്കിൽ ചില സംസ്ഥാനങ്ങളിലെ നിയമ സഭാതെരഞ്ഞെടുപ്പ് കഴിയണം. ബീഹാർ ആയിരിക്കും ഉറുപ്പ് ചീട്ട്. 65 ലക്ഷം വോട്ടർമാരെ ഒഴിവാക്കിയതിന്റെ ഗുണം ആർക്ക് ലഭിക്കും ? രാഹുൽ ഗാന്ധി നയിച്ച വോട്ടവകാശയാത്രയ്ക്ക് വോട്ടർമാരെ സ്വാധീനിക്കാൻ കഴിഞ്ഞോ? എന്തായാലും ഇൻഡ്യാ സഖ്യത്തിന് ക്ളെച്ച് പിടിക്കുന്ന എന്നാണ് ദേശീയ മാധ്യമങ്ങൾ സൂചിപ്പിക്കുന്നത്.

പ്രധാനമന്ത്രി നരേന്ദ്രമോഡിയും പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും രണ്ട് വ്യത്യസ്ത ധ്രുവങ്ങളിൽ നില്ക്കുന്നവരാണ്. സമാനതകളില്ലാത്ത രണ്ട് നേതാക്കൾ. മോഡിയുടെ ചെറുപ്പകാലം ദുരിതപൂർണ്ണമായിരുന്നു. ആർ.എസ്. എസ്സിലൂടെ പടിപടിയായി വളർന്ന് പ്രധാനമന്ത്രി പദത്തിലെത്തി. രാഹുലിന്റെ അച്ഛനും മുത്തശ്ശിയും മുതുമുത്തച്ഛനും പ്രധാനമന്ത്രിമാരായിരുന്നു. അങ്ങനെ നെഹ്റു കുടുംബത്തിന്റെ പരമ്പരയിൽ ഏറ്റവും ഒടുവിലത്തെ രാജകുമാരനായിട്ടാണ് രാഹുൽ വളർന്നത്. ഉന്നത വിദ്യാഭ്യാസം വിദേശത്ത് 2000 ൽ യൂത്ത് കോൺഗ്രസ്സിലൂടെയായിരുന്നു രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. 2017 മുതൽ 19 വരെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റായിരുന്നു. 2024ലെ പൊതു തെരഞ്ഞെടുപ്പിന് മുന്നോടിയായി ഭാരത് ജോഡോ യാത്ര നടത്തി. തെരഞ്ഞെടുപ്പിൽ 99 സീറ്റ് നേടി ഈ നൂറ്റാണ്ടിൽ ആദ്യമായി കോൺഗ്രസ്സിന് ഔദ്യോഗിക പ്രതിപക്ഷമാകാനുള്ള അർഹത നേടിക്കൊടുത്തു. രാഹുൽ ഇപ്പോൾ ബീഹാറിൽ നിന്നും മറ്റൊരു യാത്രയ്ക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. അടുത്ത തെരഞ്ഞെടുപ്പ് ലക്ഷ്യമിട്ടുള്ള വോട്ടവകാശ യാത്ര.

ബി.ജെ. പിയുടെ നേതൃത്വത്തിലുള്ള ദേശീയ ജനാധിപത്യ സഖ്യത്തിന് ബദലാകണമെങ്കിൽ ഇൻഡ്യാസഖ്യം ഒറ്റക്കെട്ടാകണം. ഒന്നിച്ച് നില്ക്കാനുള്ള പകവത വ്യത്യസ്ത താത്പര്യങ്ങളുടെ ഇൻഡ്യാ എന്ന കൂട്ടായ്മയിലെ കക്ഷികൾക്ക് ഉണ്ടാകുമോ എന്നാണ് കണ്ടറിയേണ്ടത്. അത് എത്രത്തോളം പ്രായോഗികമാണ് എന്നതാണ് മുഖ്യപ്രശ്നം. രാജ്യവ്യാപകമായ കാഴ്ച്ചപ്പാടുവച്ച് നോക്കുമ്പോൾ ഈ സഖ്യത്തെക്കുറിച്ച് മനോഹരമായ ഒരു ചിത്രമല്ല ലഭിക്കുന്നത്.

ബിജെപിയുടെ നേതൃത്വത്തിലുള്ള ദേശീയ ജനാധിപത്യ സഖ്യത്തിന് ബദലാകണമെങ്കിൽ ഇന്ത്യാസഖ്യം ഒറ്റക്കെട്ടാകണം. ഒന്നിച്ചുനിൽക്കാനുള്ള പകവത വ്യത്യസ്ത താൽപര്യങ്ങളുടെ ഇന്ത്യ എന്ന കൂട്ടായ്മയിലെ കക്ഷികൾക്ക് ഉണ്ടാകുമോ എന്നാണ് കണ്ടറിയേണ്ടത്. അത് എത്രത്തോളം പ്രായോഗികമാണ് എന്നതാണ് മുഖ്യപ്രശ്നം. രാജ്യവ്യാപകമായ കാഴ്ചപ്പാട് വെച്ച് നോക്കുമ്പോൾ ഈ സഖ്യത്തെ കുറിച്ച് മനോഹരമായ ഒരു ചിത്രമല്ല ലഭിക്കുന്നത്. ഒരു



സംസ്ഥാനത്ത് ഒരുമിച്ച് പ്രവർത്തിക്കുന്ന പാർട്ടികൾ മറ്റു സംസ്ഥാനങ്ങളിൽ അന്യോന്യം കഴുത്തറുക്കും. കേരളത്തിൽ ബദ്ധവൈരികളായ യുഡിഎഫും എൽഡിഎഫും തമിഴ്നാട്ടിലും കർണാടകത്തിലും യോജിച്ച് പ്രവർത്തിക്കുന്നു എന്ന വസ്തുത ആരെയും അലോസരപ്പെടുത്തുന്നില്ല. അതുപോലെതന്നെ കേന്ദ്രത്തിൽ ഒരു കക്ഷിക്കും സംസ്ഥാനത്ത് മറ്റൊരു കക്ഷിക്കും വോട്ട് വിഭജിച്ച് നൽകുന്നത് ഒരു സാധാരണ രീതിയായി മാറിയതിൽ ആർക്കും കുണ്ഠിതമില്ല. സംസ്ഥാനങ്ങളിലൂടെ കണ്ണോടിച്ചാൽ ഒരു കാര്യം വ്യക്തമാണ്. കർണാടക, മധ്യപ്രദേശ്, ഛത്തീസ്ഗഢ്, രാജസ്ഥാൻ, ഹിമാചൽപ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ ഇന്ത്യാമുന്നണിയിലെ ഘടകകക്ഷികൾക്ക് കോൺഗ്രസിനോട് ഒരു സീറ്റ് പോലും ചോദിക്കാൻ അർഹതയില്ല. അതേസമയം തമിഴ്നാട്, മഹാരാഷ്ട്ര ബീഹാർ, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ കോൺഗ്രസ് ജൂനിയർ പങ്കാളിയായതിനാൽ വിട്ടുവീഴ്ച ചെയ്യേണ്ടിവരും. വലിയ സംസ്ഥാനങ്ങളായ ഉത്തർപ്രദേശ്, പശ്ചിമബംഗാൾ എന്നിവിടങ്ങളിലാകട്ടെ കോൺഗ്രസ്സിന് ഒരു പ്രതീക്ഷയും വേണ്ട. എന്നാലും സഖ്യം യാഥാർത്ഥ്യമായാൽ അതിന്റെ നേട്ടം കോൺഗ്രസ്സിന് തന്നെയായിരക്കും. ഈ സന്ദർഭത്തിലും കോൺഗ്രസ്സിനെ സഹകരിക്കാൻ പ്രയാസമുള്ള ഏകകക്ഷി ആം ആദ്മി പാർട്ടിയാണെന്ന് കാണാം.

**ബിജെപിയുടെ നേതൃത്വത്തിലുള്ള ദേശീയ ജനാധിപത്യ സഖ്യത്തിന് ബദലാകണമെങ്കിൽ ഇന്ത്യാസഖ്യം ഒറ്റക്കെട്ടാകണം. ഒന്നിച്ചുനിൽക്കാനുള്ള പക്വത വ്യത്യസ്ത താൽപര്യങ്ങളുടെ ഇന്ത്യ എന്ന കൂട്ടായ്മയിലെ കക്ഷികൾക്ക് ഉണ്ടാകുമോ എന്നാണ് കണ്ടറിയേണ്ടത്. അത് എത്രത്തോളം പ്രായോഗികമാണ് എന്നതാണ് മുഖ്യപ്രശ്നം. രാജ്യവ്യാപകമായ കാഴ്ചപ്പാട് വെച്ച് നോക്കുമ്പോൾ ഈ സഖ്യത്തെ കുറിച്ച് മനോഹരമായ ഒരു ചിത്രമല്ല ലഭിക്കുന്നത്. ഒരു സംസ്ഥാനത്ത് ഒരുമിച്ച് പ്രവർത്തിക്കുന്ന പാർട്ടികൾ മറ്റു സംസ്ഥാനങ്ങളിൽ അന്യോന്യം കഴുത്തറുക്കും.**

മല്ലികാർജ്ജുൻ ഖാർഗെ പ്രസിഡന്റായതിനുശേഷം പ്രത്യക്ഷമായും പരോക്ഷമായും ഇൻഡ്യൻ സമൂഹത്തിൽ കോൺഗ്രസ്സിനുള്ള സ്വാധീനം വർദ്ധിച്ചിട്ടേയുള്ളൂ. രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഢ്, കർണ്ണാടക, കേരള എന്നീ സംസ്ഥാനങ്ങളിൽ പാർട്ടിയെ ക്ഷീണിപ്പിക്കാൻ പര്യാപ്തമായ ഭിന്നിപ്പുകൾ ഉയർന്നപ്പോൾ അവയെല്ലാം ഒതുക്കിത്തീർക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. പാർട്ടിയുടെ ദേശീയമായ പ്രതിച്ഛായ വർധിപ്പിക്കുന്നതിലും അദ്ദേഹത്തിന്റെ സ്ഥാനാരോഹണം വലിയ പങ്കുവച്ചു. എങ്കിലും അദ്ദേഹം പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട നിമിഷത്തിലും എ.ഐ.സി.സി. ആസ്ഥാനത്ത് മുഴക്കം കൂടുതൽ രാഹുൽഗാന്ധിക്കുള്ള ജയ് വിളികൾക്കായിരുന്നു എന്ന സത്യം മറച്ചുവയ്ക്കാനാവില്ല. പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ചില ബാലറ്റു പേപ്പറുകളിൽ സ്ഥാനാർത്ഥിയുടെ പേരിന്റെ സ്ഥാനത്ത് രാഹുലിന്റെ പേരും എഴുതിചേർത്ത പ്രതിനിധികൾ വരെയുണ്ട്. ഇത്തരം ബാലറ്റുകൾ അസാധുവായി പ്രഖ്യാപിച്ചത് വേറെ കാര്യം.

എന്തായാലും ഖാർഗെ പ്രധാനമന്ത്രിയാകാനുള്ള സാധ്യത ഇല്ല എന്ന് വ്യക്തം. പക്ഷെ ഘടകകക്ഷികൾ മനസ്സ് തുറന്നാൽ മാത്രമെ ഇക്കാര്യത്തിൽ ഉറപ്പിച്ച ഒരു നിഗമനത്തിൽ എത്താനാകൂ...
മമതാബാനർജി, അഖിലേഷ്



**ദേശീയതലത്തിൽ ബി.ജെ.പിക്കുള്ള ഏറ്റവും വലിയനേട്ടം നരേന്ദ്രമോഡി യുടെ വ്യക്തി പ്രഭാവംതന്നെ യാണ് ആർ.എസ്. എസിന്റെ സംഘടനാ ബലവുംകൂടി ചേരുമ്പോൾ അവർ ശക്തരായി മാറുന്നു. കോൺഗ്രസ്സിനാകട്ടെ രാഹുലിന്റെ നഷ്ട പ്രതാപവും കുടുംബ വാഴ്ചയുടെ മഹിമയും ഇന്ദിരഗാന്ധിയുടെയും രാജീവ് ഗാന്ധിയുടെയും രക്തസാക്ഷി പരിവേഷ വുമില്ലാതെ ഉയർത്തെഴു ന്നേല്ക്കാൻ വേണ്ട സംഘടനാ ശേഷി യോ പ്രത്യയശാസ്ത്രമോ ഇല്ല.**

യാദവ്, സ്റ്റാലിൻ എന്നിവരുടെ മനസ്സിലിരിപ്പാണ് ആദ്യം അറിയാനുള്ളത്. രാഹുൽ ഗാന്ധി ആരംഭിച്ചിട്ടുള്ള വോട്ടവകാശ യാത്രയുടെ പരിണാമഗുപ്തികൂടി അറിഞ്ഞതിന് ശേഷമുള്ള വിശകലനമായിരിക്കും കൂടുതൽ സത്യസന്ധമാകുക.

പ്രതിപക്ഷം എത്രശക്തിയാർജ്ജിച്ചാലും നരേന്ദ്രമോഡിയുടെ വ്യക്തി പ്രഭാവത്തെയും നേട്ടങ്ങളെയും നിസ്സാരമായി കാണരുത്. ദേശസുരക്ഷ, അടിസ്ഥാന സൗകര്യവികസനം സമ്പദ്ഘടനയുടെ വളർച്ച, അഴിമതി നിർമ്മാർജ്ജനം, ഓപ്പറേഷൻ സിന്ദൂർ തുടങ്ങി പല മേഖലകളിലും മുന്നേറ്റങ്ങളുണ്ടായത് കാണാതെ പോകരുത്. ഹിന്ദുത്വ അജണ്ടയാണ് ഒരു വലിയ പോരായ്മയായി ചൂണ്ടിക്കാണിക്കാനുള്ളത്. ഹിന്ദുവംശീയ പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നു. രാഷ്ട്രീയതന്ത്രം. അതിനുവേണ്ടി ജാതിസെൻസസ് വേണമെന്ന് പ്രതിപക്ഷം ശഠിച്ചു. പക്ഷെ അവസാന നിമിഷം ജാതിസെൻസസും ബി.ജെ.പി. തട്ടിയെടുക്കുന്ന കാഴ്ചയാണ് കണ്ടത്. പക്ഷെ ഒരു മതാധിഷ്ഠിത പാർട്ടിക്ക് ഒരിക്കലും ജാതികളെ സ്വാധീനിക്കാനാവില്ല.

ദേശീയതലത്തിൽ ബി.ജെ.പിക്കുള്ള ഏറ്റവും വലിയനേട്ടം നരേന്ദ്രമോഡിയുടെ വ്യക്തി പ്രഭാവംതന്നെയാണ് ആർ.എസ്. എസിന്റെ സംഘടനാ ബലവുംകൂടി ചേരുമ്പോൾ അവർ ശക്തരായി മാറുന്നു. കോൺഗ്രസ്സിനാകട്ടെ രാഹുലിന്റെ നഷ്ട പ്രതാപവും കുടുംബ വാഴ്ചയുടെ മഹിമയും ഇന്ദിരഗാന്ധിയുടെയും രാജീവ് ഗാന്ധിയുടെയും രക്തസാക്ഷി പരിവേഷവുമില്ലാതെ ഉയർത്തെഴുന്നേല്ക്കാൻ വേണ്ട സംഘടനാ ശേഷിയോ പ്രത്യയശാസ്ത്രമോ ഇല്ല. ഇൻഡ്യാ സഖ്യത്തിന്റെ മുന്നേറ്റമാണ് ഇനി കാണാനിരിക്കുന്ന പൂരം.

